(ബി) ഈ അപേക്ഷയിൽ എന്ന് ഉത്തരവ് നൽകാൻ കഴിയും ?

ഉത്തരം

(എ & ബി) പ്രഫുൽ.സി. എന്ന കുട്ടിയുടെ ജനനത്തീയതി 9-7-2010-ൽ തിരുത്തി ഉത്തരവായിട്ടുണ്ട്. തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റ് ഉടൻതന്നെ അപേക്ഷകന് അയച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എസ്. എസ്. എൽ. സി. ബുക്ക് തിരിച്ച് നൽകാൻ നടപടി

35 (5167) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജൂണിൽ നടന്ന എസ്.എസ്.എൽ.സി. സേ പരീക്ഷ എഴുതിയ അബ്ദുള്ളഹാരിസ് (മാവൂർ എച്ച്.എസ്.എസ്.,രജിസ്റ്റർ നമ്പർ 805826) എന്ന വിദ്യാർത്ഥിക്ക് എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റ് ഇതുവരെ തിരിച്ചു നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന പല തവണ അപേക്ഷകൾ നൽകിയിട്ടും നാളിതുവരെ എസ്.എസ്.എൽ.സി. ബുക്ക് തിരിച്ച് നൽകാതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത എസ്.എസ്.എൽ.സി. ബുക്ക് എപ്പോൾ തിരിച്ചു നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ പരീക്ഷാഭവനിലെ രേഖകൾ പ്രകാരം ശ്രീ. അബ്ദുള്ള ഹാരീസ് 2006-ലെ 'സേ' പരീക്ഷയ്ക്ക് 805826 നമ്പരായി (ഓൾഡ് സ്കീം) രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

(ബി & സി) ഇക്കാര്യത്തിൽ ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പരീക്ഷാഭവനിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി

36 (5168) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ നിന്നും ജനനത്തീയതി തിരുത്തി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയം കുറച്ചുകൂടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് പുതിയ സംവിധാനം പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പരീക്ഷാഭവനിലെ ജനനത്തീയതി തിരുത്തുന്ന സെക്ഷൻ കമ്പ്യൂട്ടർവൽക്കരിച്ചു. ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചും പരീക്ഷ സംഘടിപ്പിച്ചും പരീക്ഷാഭവൻ ജീവനക്കാർക്ക് പുറമെ താൽക്കാലിക ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിയും ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിച്ച് പരമാവധി 6 മാസത്തിനകം തീർപ്പാക്കിവരുന്നു. അപേക്ഷകർക്ക് പരീക്ഷാഭവനിലെ ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് ടെലിഫോൺ മുഖാന്തിരം നേരിട്ട് ബന്ധപ്പെട്ട് ഫയലുകളുടെ നടപടി പുരോഗതി മനസ്സിലാക്കാവുന്നതാണ്. ഒന്നാംക്ളാസ് മുതൽ എസ്.എസ്.എൽ.സി.-ക്ക് രജിസ്റ്റർ ചെയ്യുന്നതുവരെയുള്ള കുട്ടികളുടെ പേര്, മതം, ജനനത്തീയതി എന്നിവ സംബന്ധിച്ച് സ്കൂൾ രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

പരീക്ഷാഭവനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

37 (5169) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരീക്ഷാ ഭവനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പരീക്ഷാ ഭവനിലെ വിവിധ സെക്ഷനുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് ; അവയുടെ കാലദൈർഘ്യം 2010 ജൂൺ 30 അടിസ്ഥാനമാക്കി ലഭ്യമാക്കുമോ ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരീക്ഷാഭവനിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ ചുവടെ കൊടുക്കുന്നു.

(1) സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തി ;

(2) നേരിട്ട് ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്ന സംവിധാനം നടപ്പിലാക്കി ;

(3) കുടിശ്ശിക ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലകൾ/മേഖല എന്നീ തലങ്ങളിൽ അദാലത്തുകൾ ഫലപ്രദമായി സംഘടിപ്പിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly